# St.Sebastian's High School

# Pallithode

1951

KNOWLEDGE PATRIOTISM

GODLINESS

ST SEBASTIAN'S HIGH SCHOOL
PALLITHODE

# ACADEMIC MASTER PLAN

# 2025-26

# ST. SEBASTIAN’S HIGH SCHOOL PALLITHODE

# ACADEMIC MASTER PLAN 2025-26

# ST. SEBASTIAN’S HIGH SCHOOL PALLITHODE

# ACADEMIC MASTER PLAN 2025-26

**ആമുഖം**

കേരളത്തിന്റെ മനോഹര തീരമേഖലയായ ആലപ്പുഴ ജില്ലയിലെ പള്ളിത്തോട് ഗ്രാമത്തിലെ പ്രശാന്തമായ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ. അരൂർ നിയോജക മണ്ഡലത്തിൽ കുത്തിയതോട് പഞ്ചായത്തിലാണ് പള്ളിത്തോട് ഗ്രാമം. ചേർത്തല വിദ്യാഭ്യാസ ജില്ലയിൽ തുറവൂർ എറണാകുളം ജില്ലയിലെ മറുവക്കാട് മുതൽ ആലപ്പുഴ ജില്ലയിലെ അന്ധകാരനഴി വരെയുള്ള തീരദേശത്തെ വിദ്യാർഥികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. 1951 ൽ സ്ഥാപിതമായ ഈ വിദ്യാലയം ആദ്യകാലത്ത് പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ നിയന്ത്രണത്തിലായിരുന്നു. പിന്നീട് ആലപ്പുഴ രൂപതാ കോർപൊറേറ്റ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലായി. ഈ അധ്യയന വർഷം ഹെഡ്മിസ്ട്രസ് ശ്രീമതി ക്രിസ്ജ നോർബർട്ടിന്റെ മേൽനോട്ടത്തിൽ യു പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 574 വിദ്യാർഥികൾ പഠിക്കുന്നു. 28 അധ്യാപകരും 4 അനധ്യാപകരും ഇവിടെ കുട്ടികളുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

കോർപൊറേറ്റ് മാനേജർ ഫാ.നെൽസൺ തൈപ്പറമ്പിൽ, സ്കൂൾ മാനേജർ ഫാ.യേശുദാസ് കൊടിവീട്ടിൽ എന്നിവർ സ്കൂളിന്റെ പൊതുവായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുകയും പശ്ചാത്തല വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

| | |
|---|---|
| പാർലമെന്റ് മണ്ഡലം | ആലപ്പുഴ |
| അസംബ്ലിനിയോജക മണ്ഡലം | അരൂർ |
| പഞ്ചായത്ത് | കുത്തിയതോട് |
| ഗ്രാമം | പള്ളിത്തോട് |
| വിദ്യാഭ്യാസ ജില്ല | ചേർത്തല |
| വിദ്യാഭ്യാസ ഉപജില്ല | തുറവൂർ |

## സ്കൂൾ മാനേജ് മെന്റ്

| | |
|---|---|
| കോർപൊറേറ്റ് മാനേജർ | റവ.ഫാ.നെൽസൺ തൈപ്പറമ്പിൽ |
| സ്കൂൾ മാനേജർ | റവ.ഫാ.യേശുദാസ് കൊടിവീട്ടിൽ |
| ഹെഡ്മിസ്ട്രസ് | ശ്രീമിതി ക്രിസ്ജ നോർബർട്ട് |
| പിടിഎ പ്രസിഡന്റ് | ശ്രീ. ബാസ്റ്റിൻ ആന്റണി |

**മികവുകൾ**

ചിട്ടയായ പരിശീലനത്തിലൂടെ, തുടർച്ചയായി 17 വർഷം നൂറുശതമാനം വിജയമെന്ന മധുരം ആസ്വദിക്കാൻ കഴിയുന്ന ഒരു വിദ്യാലയമാണ് പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ. പ്രത്യേകമായി നടത്തുന്ന മോണിങ് ഈവനിങ് ക്ലാസുകൾ കുട്ടികൾ വളരെ പ്രയോജനപ്പെടുത്തുന്നു. പരീക്ഷാക്കാലമാകുമ്പോൾ കുട്ടികളുടെയും രക്ഷിതാക്കളുടെയും രക്ഷിതാക്കളുടെയും പ്രത്യേക ആവശ്യപ്രകാരം നടത്തുന്ന നൈറ്റ് ക്ലാസുകളും ഉന്നത വിജയത്തിന് സഹായകമാകുന്നു. ഈ സന്ദർ ഭങ്ങളിൽ രക്ഷിതാക്കൾ കാട്ടുന്ന കരുതലും കൈത്താങ്ങും ഏറെ ശ്രദ്ധേയമാണ്. കുട്ടികൾക്കായി സായാഹ്ന ലഘുഭക്ഷണവും രാത്രികാല ഭക്ഷണവും തയ്യാറാക്കി നൽകുന്നതിൽ രക്ഷിതാക്കളും അധ്യാപക രക്ഷാകർതൃസമിതിയും കാട്ടുന്ന താൽപ്പര്യം എടുത്തു പറയേണ്ടതു തന്നെയാണ്.

കഴിഞ്ഞ വർഷം 135 പരീക്ഷയെഴുതിയതിൽ 20 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും മുഴുവൻ കുട്ടികളും വിജയിക്കുകയും ചെയ്തു. 4 കുട്ടികൾ ഒൻപത് വിഷയങ്ങൾക്ക് എ പ്ലസ് കരസ്ഥമാക്കി. 3 കുട്ടികൾ എട്ട് എ പ്ലസുകളും നേടി.

യു എസ് എസ് പരീക്ഷയിലും കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു. 4 വിദ്യാർഥികൾ സ്കോളർഷിപ്പിന് അർഹത നേടി.

കലാകായിക രംഗങ്ങളിലും മികച്ച പ്രകടനമാണ് കുട്ടികൾ നടത്തിയത്. 70 കുട്ടികൾ സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുകയും ആ യാത്ര സംസ്ഥാന കലോത്സവ വേദിയിൽ എ ഗ്രേഡുകൾ സ്വന്തമാക്കുന്നതുവരെ തുടരുകയും ചെയ്തു. മംഗലം കളി എന്ന വ്യത്യസ്ത കലാരൂപം സംസ്ഥാന കലോത്സവ വേദിയിൽ എത്തിക്കാൻ കഴിഞ്ഞു എന്നതും ശ്രദ്ധേയമായി.

കായിക മേഖലയിൽ ചിട്ടയായി നടത്തുന്ന പരിശീലനങ്ങൾ കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്.

പുതിയ അക്കാദമിക് വർഷ പ്രവർത്തനങ്ങൾ

- സ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര ഐടി മേളകൾ ജൂലൈ 31 ന് രാവിലെ മുതൽ ഉച്ചവരെ നടത്താൻ തീരുമാനിച്ചു.
- ജൂലൈ 31 ഉച്ചകഴിഞ്ഞ് 2 മണി മുതൽ ഓഗസ്റ്റ് ഒന്നാം തീയതി വൈകിട്ട് നാലുവരെയുള്ള സമയങ്ങളിലായി സ്കൂൾ സ്പോർട്സും നടത്തുന്നതായിരിക്കും.
- സ്കൂൾ യുവജനോത്സവം ഓഗസ്റ്റ് 7 8 തീയതികളിൽ നടക്കും.
- എസ്എസ്എൽസി കുട്ടികളുടെ വിനോദയാത്ര സെപ്റ്റംബർ 19, 20 തീയതികളിൽ.
- കുട്ടികളുടെ ഓണാഘോഷം വിവിധ പരിപാടികളോടെ നടക്കും. എല്ലാ കുട്ടികൾക്കും ഓണസദ്യ ഒരുക്കും.
- മറ്റ് ക്ലാസുകളുടെ വിനോദയാത്രകൾ സമയബന്ധിതമായി നടത്തുവാൻ തീരുമാനിച്ചു
- എൻ എം എം എസ് പരിശീലന ക്ലാസുകൾ ജൂലൈ മാസം ആരംഭിക്കും
- പൊതുവായ ചോദ്യ പേപ്പർ തയ്യാറാക്കി മിഡ് ടേം പരീക്ഷകൾ നടത്തും. എല്ലാ ക്ലാസിലെ കുട്ടികൾക്കും രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ പ്രോഗ്രസ് കാർഡുകൾ നൽകും.
- ക്ലാസ് പിടിഎ കൾ ജൂൺ രണ്ടാം വാരത്തിൽ തന്നെ പൂർത്തീകരിക്കും.
- പിടിഎ ജനറൽ ബോഡി യോഗം ജൂൺ 20 ന് നടത്തും.
- എല്ലാ മാസവും ക്ലാസ് പിടിഎ യോഗം ചേരണം.
- ആഗസ്റ്റ് 14 ന് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തും.
- എസ്എസ്എൽസി വിദ്യാർഥികൾക്കായി പതിവ് മോണിങ് ഈവനിങ് ക്ലാസുകൾക്ക പുറമേ, ഒക്ടോബർ മുതൽ സവിശേഷ ശ്രദ്ധ വേണ്ട കുട്ടികൾക്കായി "**പ്രഷ്യസ് ചിൽഡ്രൻ സ്പെഷൽ സ്റ്റഡി**" പ്രോഗ്രാം നടപ്പിലാക്കും.
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ടൈം ടേബിൾ പ്രകാരം എല്ലാ ദിവസവും വൈകിട്ട് ക്ലാസെടുക്കാൻ തീരുമാനമായി.

**മലയാള വിഭാഗം**

മാതൃഭാഷാപഠനത്തിൽ വിദ്യാർഥികളുടെ സമഗ്രപുരോഗതി ലക്ഷ്യം വച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ചെറിയ ക്ലാസുകളിൽത്തന്നെ എഴുതാനും വായിക്കാനുമുള്ള കഴിവ് പൂർണമായി ആർജ്ജിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു. പിന്നാക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകമായി കണ്ടെത്തി പരിഹാരബോധനം നടത്തിവരുന്നു. ഹൈസ്കൂൾ ക്ലാസുകളിലും വിശേഷിച്ച് പത്താം ക്ലാസിൽ മോണിങ് ഈവനിങ് ക്ലാസുകളിലൂടെ പ്രത്യേക പരിശീലനം നൽകിവരുന്നു. പത്രവായന, ലൈബ്രറി പുസ്തക വായന, പാഠപുസ്തക വായന തുടങ്ങി വായന പരിപോഷിപ്പിക്കുന്നു. എഴുത്തിലും ഓരോ ക്ലാസിലും കുട്ടികൾ നേടിയിരിക്കേണ്ട നൈപുണികൾ ആർജ്ജിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വേണ്ട പരിഹാരബോധനം നൽകി വരുന്നു. എഴുത്തിലും വായനയിലും പ്രാവീണ്യമുള്ള കുട്ടികൾക്കായി വിവിധ രചനാ മത്സരങ്ങൾ നടത്തുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങൾ നടത്തുന്നു. വായനദിനം, കർഷകദിനം, കവികളുടെയും സാഹിത്യകാരന്മാരുടെയും ജന്മ, ചരമ ദിനങ്ങൾ തുടങ്ങിയ ദിനാചരണങ്ങളിലൂടെ മലയാളത്തിന്റെയും കേരളത്തിന്റെയും തനിമ കുട്ടികളെ ഓർമ്മപ്പെടുത്താനും ശ്രമിക്കുന്നു.

## A Brief Master plan for teaching English at St. Sebastian High School
## Mission Statement

The English teachers at St. Sebastian High School Pallithodu aim to empower students with effective communication skills, critical thinking, and a love for the English language. We strive to create a supportive and inclusive learning environment that fosters academic excellence and personal growth.

## Objectives

1. Develop students' reading, writing, speaking, and listening skills.
2. Encourage critical thinking, analysis, and interpretation of texts.
3. Foster a love for literature and promote cultural awareness.

## Curriculum Framework

1. Align with national/state curriculum standards.

2. Emphasize grammar, vocabulary, and composition skills.
3. Integrate technology and multimedia resources.

## Process

1.Classroom process is visualised and conceived in such a way so as to cater to diverse learning styles and abilities.
2. Technology Integration, Utilize digital tools, multimedia resources, and online platforms.
3. Collaborative Learning Encourage group discussions, debates, and projects.

## Process of Assessment

1. Terminal Evaluation
   Conduct regular unit tests, midterm, and final exams.

2. Continuous Evaluation
   Regularly monitor student progress and adjust instruction. Use quizzes, class discussions, and assignments to evaluate student understanding.

## Conclusion

This master plan envisages a comprehensive and engaging English education that prepares students for success

## The English Club

The English Club of St Sebastian High School Pallithodu is a dynamic platform both for UP and HS students to enhance their English language skills, foster creativity, and build confidence. Through engaging activities like debates, role-plays, book discussions, and creative writing, members can improve their speaking, listening, reading, and writing abilities. The club provides a supportive environment where students can express themselves, share ideas, and develop essential communication skills. By participating in various events like Public Speaking, Recitation, Verification, Formal and Informal talks and discussions members can explore their interests, develop their passions, and connect with like-minded peers.
The teachers who teach in the school facilitate the various activities of the English Club.

Here are some engaging English club activities for high school students:

## Speaking and Listening

1. Debates: Encourage critical thinking and public speaking skills.

2. Role-plays: Practice conversational English in real-life scenarios.
3. Group discussions: Foster teamwork and communication skills.
4. Storytelling: Share personal experiences or fictional tales.
5. Interviews: Conduct mock interviews or interview guests.

**Reading and Writing**

1. Book clubs: Discuss books and analyze plots, characters.
2. Creative writing: Encourage students to write short stories, poetry.
3. News analysis: Discuss current events and news articles.
4. Essay writing: Practice writing persuasive or reflective essays.
5. Journaling: Reflect on personal experiences and thoughts.

## Games and Quizzes

1. Word games (e.g., Scrabble, Boggle)
2. Trivia quizzes (literature, history, culture)
3. Vocabulary building games
4. Charades or Pictionary (acting out words/phrases)
5. Would You Rather (thought-provoking questions)

## Themed Events

1. Poetry recitation
2. Short film screenings and discussions
3. Cultural exchange (explore different English-speaking cultures)
4. Spelling bees
5. English language puzzles and brain teasers

## Guest Speakers

1. Invite authors, poets, or industry experts
2. Conduct workshops or seminars on specific topics

These activities will help high school students improve their English skills, build confidence, and develop a love for the language.

The English Club of St Sebastian High School Pallithode is a dynamic platform both for UP and HS students to enhance their English language skills, foster creativity, and build confidence. Through engaging activities like debates, role-plays, book discussions, and creative writing, members can improve their speaking, listening, reading, and writing abilities. The club provides a supportive environment where students can express themselves, share ideas, and develop essential communication skills. By participating in various events like Public Speaking, Recitation, Verification, Formal and Informal talks and discussions members can explore their interests, develop their passions, and connect with like-minded peers.

The teachers who teach in the school facilitate the various activities of the English Club.

Here are some engaging English club activities for high school students:

## Speaking and Listening

1. Debates: Encourage critical thinking and public speaking skills.
2. Role-plays: Practice conversational English in real-life scenarios.
3. Group discussions: Foster teamwork and communication skills.

4. Storytelling: Share personal experiences or fictional tales.
5. Interviews: Conduct mock interviews or interview guests.

**Reading and Writing**

1. Book clubs: Discuss books and analyze plots, characters.
2. Creative writing: Encourage students to write short stories, poetry.
3. News analysis: Discuss current events and news articles.
4. Essay writing: Practice writing persuasive or reflective essays.
5. Journaling: Reflect on personal experiences and thoughts.

**Games and Quizzes**

1. Word games (e.g., Scrabble, Boggle)
2. Trivia quizzes (literature, history, culture)
3. Vocabulary building games
4. Charades or Pictionary (acting out words/phrases)
5. Would You Rather (thought-provoking questions)

**Themed Events**

1. Poetry recitation
2. Short film screenings and discussions
3. Cultural exchange (explore different English-speaking cultures)
4. Spelling bees
5. English language puzzles and brain teasers

**Guest Speakers**

1. Invite authors, poets, or industry experts
2. Conduct workshops or seminars on specific topics

These activities will help high school students improve their English skills, build confidence, and develop a love for the language.

# ഹിന്ദി

ലക്ഷ്യം എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടാക്കുക

**പ്രവർത്തനം**

1 ഹിന്ദി ടെക്സ്റ്റ് വായിപ്പിക്കുക

2 ഹിന്ദി ന്യൂസ് പേപ്പർ വായിക്കുവാനുള്ള സൗകര്യം ഒരുക്കുക

3 ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കുകയും ശക്തിപ്പെടുത്തുകയും ആകർഷകവുമാക്കുക

4 ആഴ്ചയിൽ ഒരിക്കലെങ്കിലും ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക

5 ഹിന്ദി പ്രസംഗം , ഹിന്ദി കവിതാലാപനം , ഇവ പരിപോഷിപ്പിക്കുക

കാലം 3 മാസം

**ദിനാചരണങ്ങൾ**

ചുമതല ഹിന്ദി ടീച്ചർ

**ജൂൺ 5**

പരിസ്ഥിതി ദിനം വൃക്ഷത്തൈകൾ വിതരണം , പോസ്റ്റർ നിർമ്മാണം , പ്രതിജ്ഞ

**ജൂൺ 19 വായനദിനം**

പുസ്തക താലപ്പൊലി , വിളംബരം , പുസ്തക വായന , വായന കാർഡ് വായന

**ജൂൺ 26 ലഹരി വിരുദ്ധ ദിനം**

പോസ്റ്റർ നിർമ്മാണം പ്രതിജ്ഞ , മുദ്രാവാക്യം

**നേട്ടങ്ങൾ**

ഹിന്ദി കവിതാ പാരായണത്തിൽ സംസ്ഥാന തലത്തിൽ തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എ ഗ്രേഡ് നേടുവാൻ കഴിഞ്ഞു.

## സോഷ്യൽ സയൻസ് ക്ലബ്

യുപി, എച്ച്എസ് വിഭാഗങ്ങൾക്കായി അമ്പതോളം കുട്ടികൾ സോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ഗാന്ധിജയന്തി, ഇൻഡിപെൻഡൻസ് ഡേ, റിപ്പബ്ലിക് ഡേ , ലഹരി വിരുദ്ധ ദിനം, പരിസ്ഥിതി ദിനം എന്നിവയെക്കുറിച്ചും സാമൂഹിക അവബോധം വളർത്തുന്ന പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ

പ്രധാന ദിനാചരണ ദിവസങ്ങളിൽ സോഷ്യൽ സയൻസ് ക്ലബ്ബ് സജീവ പ്രവർത്തനങ്ങൾ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

സ്കൂൾതല സാമൂഹിക ശാസ്ത്രമേള സംഘടിപ്പിച്ച പരമാവധി കുട്ടികളെ ഏകോപിപ്പിക്കുന്നു ഇതിൽ വിജയികളാകുന്ന വരെ ഉപജില്ല ജില്ലാ സംസ്ഥാന മേഖലകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു

ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക, പൗരബോധം, മൂല്യബോധം ഉണർത്തുവാൻ സ്കൂൾ പാർലമെൻറ് പാർലമെൻറ് സോഷ്യൽ സർവീസ് എന്നീ പ്രവർത്തനം നടത്തുന്നു

സോഷ്യൽ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്, റാലി സംഘടിപ്പിക്കാൻ തീരുമാനിച്ചു സാമൂഹ്യശാസ്ത്രമേളയ്ക്കായി ഉപജില്ല ജില്ലാതലത്തിൽ മത്സരിക്കാനായി സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ , അറ്റ്ലസ് മേക്കിങ്, ലോക്കൽ ഹിസ്റ്ററി,പ്രസംഗം ,ക്വിസ് എന്നിവയുടെ പരിശീലന ക്ലാസുകൾ ഉറപ്പുവരുത്തുന്നു

സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുവാനായി ശാസ്ത്ര ക്ലബുകൾ ക്രമീകരിക്കുകയും ആകാശകാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കുവാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുവാൻ ആയി സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമാക്കുന്ന ധാരണ നൽകുക വീഡിയോ പ്രദർശനം പ്രോജക്റ്റ് റൂം ചരിത്ര സിനിമ പ്രദർശനം എന്നിവ നടത്തുന്നു

വ്യത്യസ്ത ഇനം മണ്ണിനങ്ങളെ കുറിച്ചും ജലാശയങ്ങളെ കുറിച്ചും സമുദ്രങ്ങൾ ,പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര,ഭൂമിശാസ്ത്ര ലാബുകളുടെ ക്രമീകരണവും കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുവാൻ ശ്രമിക്കുന്നു. സ്കൂൾ പാർലമെന്റ് ഇലക്ഷന്റെ മേൽനോട്ടം വഹിക്കുന്നു. പൊതു തിരഞ്ഞെടുപ്പിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇലക്ഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

## സയൻസ് ക്ലബ്

യു പി എച്ച് എസ് വിഭാഗങ്ങളിലായി അമ്പതോളം കുട്ടികൾ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. ചാന്ദ്രദിനം ഡോക്ടേഴ്സ് ഡേ ലഹരി വിരുദ്ധ ദിനം യോഗാ ദിനം മുതലായവ ആചരിക്കുന്നു. പോഷകാഹാരം, പകർച്ച വ്യാധികൾ, ജീവിത ശൈലീ രോഗങ്ങൾ, ഊർജ വിനിയോഗം, മാലിന്യ നിർമാർജനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നു. സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാൻ്റിൻ്റെ പരിപാലനം മറ്റൊരു പ്രവർത്തനമാണ്. സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിച്ച് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു. ഉപജില്ലാ ജില്ലാ സംസ്ഥാന മേളകളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. പഠന യാത്രകൾ, ഫീൽഡ് വിസിറ്റ്, വിദഗ്ധരുടെ ക്ലാസുകൾ, പൊതുജന ബോധവൽകരണം എന്നിവയും നടപ്പിലാക്കുന്നു. സന്ദേശ റാലികൾ സയൻസ് നാടകങ്ങൾ ഫ്ലാഷ് മോബുകൾ റീൽസ് നിർമാണം തുടങ്ങിയവ തനതു പ്രവർത്തനങ്ങളിൽ പെടുന്നു. പിന്നോക്കം നിൽക്കുന്ന പഠിതാക്കൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സയൻസ് ലാബ് നവീകരണം മറ്റൊരു പ്രവർത്തനമാണ്. യംഗ് ഇന്നൊവേറ്റീവ് പ്രോഗ്രാമിൽ ക്ലബ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ശാസ്ത്രാഭിരുചി പരീക്ഷകളിലെ പങ്കാളിത്തം മറ്റൊരു ആശയമാണ്. ബ്ലോക് പഞ്ചായത്തിൻ്റെ നേതൃത്വത്തിൽസ്പിൽ വേ നവീകരണ പ്രൊജക്റ്റിലെ പങ്കാളിത്തവും ക്ലബ് പ്രവർത്തനത്തിൽ പെടുന്നു. ശാസ്ത്ര പരീക്ഷണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. നിശ്ചല മാതൃകകളുടെയും പ്രവർത്തന മാതൃകകളുടെയും സഹായത്താൽ സയൻസ് പഠനം കൂടുതൽ രസകരമാക്കുന്നു.

### ഗണിതശാത്രം

**മാത്സ് ക്ലബ് ഉദ്ഘാടനം**
ജൂലായ് 7
ശ്രീമതി ജാമി ജോർജ് മുൻഗണിത അധ്യാപിക

**ജൂലായ് 22 പൈദിനാചരണം**
ശ്രീമതി സൂസി മാർഗ്രറ്റ്
മുൻഗണിത അധ്യാപിക

**NMMS, Mat പരിശീലനം തുടങ്ങുന്നു**
ആഗസ്റ്റ് 5

**ഓറിയന്റേഷൻ ക്ലാസ്സ്**
സെപ്റ്റംബർ 12

ഗണിതശാസ്ത്രമേളയിലെ ഓരോ ഇനങ്ങളെ കുറിച്ചുള്ള ധാരണയും ബോധവും ഗണിത ക്ലബ് അംഗങ്ങൾക്കുന്ന നല്കുന്നതിന്
തുടർന്ന് School തല മേള യ്ക്കായ് കുട്ടികളെ പരിശീലിപ്പിക്കുന്നു

**മെഗാ ക്വിസ്സ്**
ഒക്ടോബർ 6

**മാത്തമാറ്റിക്സ് വർക്ക്ഷോപ്പ്**
നവംബർ 17
ശ്രീമതി ക്രിസ്ജ നോർബർട്ട് (ഹെഡ്മിസ്ട്രസ്)

## ലിറ്റിൽ കൈറ്റ്സ്

എട്ട് ഒൻപത് പത്ത് ക്ലാസുകളിലായി 97 വിദ്യാർഥികൾ ലിറ്റിൽ കൈറ്റ്സ് ക്ലബിൽ പ്രവർത്തിക്കുന്നു. പതിവു ക്ലാസുകൾക്കു പുറമേ തനതു പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നു.

2024-25 വർഷത്തെ മികവുകൾ
* റോബോട്ടിക് ഫെസ്റ്റ്
* രക്ഷാകർതൃ ബോധവൽകരണ ക്ലാസ്
* ജില്ലാ ക്യാമ്പിലെ പങ്കാളിത്തം
* ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക ക്ലാസ്
* ഡിജിറ്റൽ ഹെൽത്ത് പ്രൊഫൈൽ നിർമാണം
* സ്കൂൾ റിപ്പോർട്ട് ഡിജിറ്റൽ പ്രസന്റേഷൻ
* ലിറ്റിൽ കൈറ്റ്സ് അസംബ്ലി
* ദിനാചരണങ്ങളുടെ ഡോക്യുമന്റേഷൻ
* ഉപജില്ലാ ജില്ലാ ഐ.ടി മേളകളിലെ മികച്ച ഗ്രേഡ്

**2025-26 അധ്യയന വർഷത്തിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

* സൈബർ സുരക്ഷ ബോധവത്കരണം
* സ്കൂൾ പത്രം നിർമാണം
* മലയാളം കമ്പ്യൂട്ടിങ് പ്രത്യേക പരിശീലനം
* പ്രൈമറി സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രവർത്തനങ്ങൾ
* സ്കൂൾ വിക്കി പരിശീലനം
* സമഗ്ര പോർട്ടൽ പ്രത്യേക പരിശീലനം
* കൂടുതൽ ആർഡിനോ കിറ്റുകൾക്കായുള്ള ഫണ്ട് സമാഹരണം
* മുൻ വർഷത്തെ മറ്റ് പ്രവർത്തനങ്ങളുടെ തുടർച്ച
* സ്കൂൾ വാർത്താ അവതരണം

## ആർട്സ് ക്ലബ്

* ആർട്സ് ക്ലബിന്റെ ഭാഗമായി പോസ്റ്റർ രചനയും, വാട്ടർ കളർ മത്സരവും, പെൻസിൽ ഡ്രോയിങ് മത്സരവും, കാർട്ടൂൺ മത്സരവും നടത്താൻ ഉദ്ദേശിക്കുന്നു.
* ഈ വർഷത്തെ വർക്ക് എക്സ്പീരിയൻസ് മത്സരങ്ങൾക്ക് വേണ്ടി പേപ്പർ ഫ്ലവർ മേക്കിങ്, ഫാബ്രിക്കേഷൻ പെയിന്റിംഗ്, മുത്തു കൊണ്ടുള്ള ആഭരണനിർമാണം, ചന്ദനത്തിരി നിർമാണം തുടങ്ങിയ മത്സരങ്ങൾക്കായി പരിശീലനം നൽകുന്നു.
* കഴിഞ്ഞ വർഷം വർക്ക് എക്സ്പീരിയൻസ് മത്സരങ്ങൾക്ക് ഉപജില്ലാ തലത്തിൽ വെജിറ്റബിൾ പ്രിന്റിംഗ്, പേപ്പർ ഫ്ലവർ മേക്കിങ് തുടങ്ങിയ മത്സരങ്ങൾ ജില്ലാതലം വരെ പോയി. ജില്ലാ തലത്തിൽ വെജിറ്റബിൾ പ്രിന്റിംഗ്, ഇലക്ട്രിക്കൽ വയറിങ്ങിന് A ഗ്രേഡ് ലഭിച്ചു. പേപ്പർ ഫ്ലവർ മേക്കിങ്ങിന് B ഗ്രേഡ് ഉം ലഭിച്ചു.
* 9 ആം ക്ലാസ്സിലെ ഒന്നാം പാഠത്തിൽ ഉള്ള വാർളി പെയിന്റിംഗ്, കുട്ടികൾ ചെയ്തുകൊണ്ടുവന്നു ക്ലാസ്സ് മുറിയിൽ ഒട്ടിച്ചു. ആറാം ക്ലാസ്സിൽ മുഖം മൂടി ഉണ്ടാകുന്ന പാഠഭാഗത്തു മുഖം മൂടി കുട്ടികൾ ചെയ്തുകൊണ്ട് വരേണ്ടതാണ്.
* അഞ്ചാം പാഠത്തിൽ കുട്ടികൾ കളർ വീൽ ഉണ്ടാക്കി കൊണ്ട് വരേണ്ടതുണ്ട്.

## സ്പോർട്സ് ക്ലബ്

ചിട്ടയായ പരിശീലനത്തിലൂടെ വളരെ മികച്ച ഒരു സ്പോർട്സ് ടീമിനെ ഒരുക്കിയിട്ടുണ്ട്. സബ്ജില്ലാ - ജില്ലാ മത്സരങ്ങളിൽ കുട്ടികൾ മികവ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വേനലവധി മുതൽ തന്നെ കായിക പരിശീലനം തുടങ്ങിയിട്ടുണ്ട്. ദിവസവും വൈകിട്ട് ഒന്നര മണിക്കൂർ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

സാധ്യമായ എല്ലാ മേഖലകളും പ്രയോജനപ്പെടുത്തി കുട്ടികളുടെ അക്കാദമിക നിലവാരം ഉത്തരോത്തരം പുരോഗതിയിലേയ്ക്ക് നയിക്കാൻ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്.

=====================